# പതിനാലാം കേരളനിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 1241** **05.03.2020 -ൽ മറുപടിയ്ക്ക്**

## മങ്കട മണ്ഡലത്തിലെ ഗൃഹശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ടി. എ. അഹമ്മദ് കബീർ :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ പദ്ധതിയുടെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) മങ്കട നിയോജക മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തു നിന്ന് 2013-19 വർഷങ്ങളിലായി 89 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 88 പേർ വീട് പണി പൂർത്തിയാക്കി എല്ലാ ഗഡുക്കളും കൈപ്പറ്റിയിട്ടുണ്ട്. ഒരാൾക്ക് മൂന്ന് ഗഡുക്കൾ നൽകി. ഇനി ഒരു ഗഡു നൽകുവാനുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്കായി 2019-20-ൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാന പ്രകാരം സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>(സി) 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ മങ്കടയിൽ നിന്ന് ലഭിച്ച അപേക്ഷകൾക്ക് സർക്കാർ വിഹിതം എന്നത്തേക്ക് നൽകാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) & (സി) 2019-20 വർഷത്തെ സർക്കാർ ബഡ്ജറ്റിൽ 'ഗൃഹശ്രീ' പദ്ധതിയ്ക്കായി വകയിരുത്തിയ തുക അനുവദിക്കുന്നതിനായി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് സമർപ്പിച്ചപ്പോൾ 'ഗൃഹശ്രീ' പദ്ധതിയിലെ ഗുണഭോക്താക്കൾ 'ലൈഫ് മിഷൻ' പദ്ധതിയിൽ ഉൾപ്പെട്ട് ഡ്യൂപ്ലിക്കേഷൻ വരുമെന്ന് തീരുമാനിച്ചതിനാൽ 'ലൈഫ് മിഷൻ' പദ്ധതി പ്രകാരം വീട് അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലൈഫ് മിഷനിൽ നിന്നും ലഭ്യമാക്കുകയും, ഭവന നിർമ്മാണ ബോർഡിൽ നിന്നും 'ഗൃഹശ്രീ' പദ്ധതി പ്രകാരം വീട് അനുവദിക്കുന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡ് നമ്പർ, 'ലൈഫ് മിഷൻ' പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ പരിശോധിച്ച് ഇരട്ടിപ്പ്/ആവർത്തനം (ഡ്യൂപ്ലിക്കേഷൻ) ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തുന്ന രീതിയിൽ ഭവന നിർമ്മാണ ബോർഡ് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് ഭരണാനുമതിയ്ക്കായുള്ള |

ഭവനനിർമ്മാണ ബോർഡിന്റെ പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ച് വരുന്നു.

2017-20 വർഷങ്ങളിലായി മങ്കട നിയോജക മണ്ഡലത്തിൽ നിന്നും 75 വീടുകൾക്കായി സ്പോൺസർമാരിൽ നിന്നും (വ്യക്തികൾ/സംഘടന) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ